14) സമഗ്ര പച്ചക്കറി വികസനം മുഖേന സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, പമ്പുസെറ്റു നൽകൽ, ഹരിത സംഘങ്ങളിലൂടെ പച്ചക്കറിക്കൃഷി.

15) ഓണം പച്ചക്കറി ചന്ത.

(ബി)&(സി) 1999-2000 വർഷത്തെ പദ്ധതികൾക്ക് അന്തിമരൂപം നൽകി വരുന്നതേയുള്ളൂ.

111 (3436) ഐരാപുരത്തെ ജയഗോകിൽ ട്രസ്റ്റ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഐരാപുരം വില്ലേജിന്റെ പരിധിയിൽ ഐരാപുരത്തെ ജയഗോകിൽ ട്രസ്റ്റിന്റെ പേരിൽ വാങ്ങിയ ഭൂമിയിൽ നാമമാത്രമായി മാത്രമേ കൃഷിയിറക്കുന്നുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിവകുപ്പ് സ്വകാര്യഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പരിപാടികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

112 (3437) കണ്ണൂർ-കാസർഗോഡ് ജില്ലയിൽ കശുമാവിനുണ്ടായ നാശം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലയിൽ വ്യാപകമായി കശുമാവ് നശിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കശുമാവ് നശിച്ച കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വ്യാപകമായി കശുമാവ് നശിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ജില്ലകളിൽ കശുമാവിന്റെ ഇളം തണ്ടുകളും പൂങ്കുലകളും ഉണങ്ങി, കശുവണ്ടി ഉൽപ്പാദനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly